**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2204** **13-09-2023 - ൽ മറുപടിയ്ക്ക്**

**കേരള നോളജ് എക്കണോമി മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016-23 കാലയളവിൽ ഐ.റ്റി, ഐ.റ്റി. അനുബന്ധ വ്യവസായങ്ങൾ വഴി എത്ര രൂപയുടെ കയറ്റുമതി നടത്തി എന്നത് വർഷം തിരിച്ച് ലഭ്യമാക്കാമോ; | (എ) | 2016 മുതൽ 2023 വരെയുള്ള കാലയളവിൽ കേരളത്തിലെ സർക്കാർ ഐ.ടി. പാർക്കുകളിൽ ഐ.ടി. ഐ.ടി. അനുബന്ധ വ്യവസായങ്ങൾ വഴി നടന്ന കയറ്റുമതിയുടെ വിവരം വാർഷികാടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടുള്ള കേരള നോളജ് എക്കണോമി മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് 5 വർഷത്തിനുള്ളിൽ പ്രാദേശിക - ആഗോളതലങ്ങളിൽ സർക്കാരേതര മേഖലകളിൽ ജോലി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കേരള നോളജ് ഇക്കണോമി മിഷൻ (KKEM). സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി അഭ്യസ്തവിദ്യരായ യുവാക്കളുടെ താൽപര്യാനുസരണം തൊഴിൽ കമ്പോളത്തിലെ സാധ്യത ഉപയോഗപ്പെടുത്തുന്നതിന് പര്യാപ്തമായ നൈപുണ്യവികസനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മന്റ് സിസ്റ്റം (DWMS) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കിയിട്ടുണ്ട്. പ്രാദേശികമായും ആഗോളതലത്തിലും ലഭ്യമായിട്ടുള്ള തൊഴിലുകളെ ഈ സംവിധാനത്തിലൂടെ ക്രോഡീകരിച്ചു നൽകുന്നു.<br>ഉദ്യോഗാർത്ഥിയുടെ കഴിവ് ഏതൊക്കെ മേഖലകളിലാണോ അവയെല്ലാം പരിഗണിച്ചുകൊണ്ട് സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളെ സംബന്ധിച്ചും ആവശ്യമായ നൈപുണ്യങ്ങളെപ്പറ്റിയും അവരെ ബോധ്യപ്പെടുത്തി അതുവഴി അവരവരുടെ പ്രൊഫൈൽ സമ്പുഷ്ടമാക്കുന്നതിനും കരിയർ കൗൺസിലിംഗിനും വേണ്ടിയുമുള്ള സംവിധാനം DWMSൽ ഏകോപിപ്പിച്ചിട്ടുണ്ട്. തൊഴിൽദാതാക്കൾക്ക് ഉദ്യോഗാർത്ഥികളെക്കുറിച്ച് |

മുൻകൂർ അറിവ് ലഭിക്കുന്നതിന്, റോബോട്ടിക് ഇന്റർവ്യൂവിന്റെ ഒരു പ്രക്രിയയും DWMS പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചിരിക്കുന്നു. DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലന്വേഷകർക്കും ഇന്റർവ്യൂ ഗ്രൂമിംഗ് നല്കുന്നതിലേക്കായി സൗജന്യ Work Readiness പ്രോഗ്രാം തയാറാക്കിയിട്ടുണ്ട്. നൈപുണ്യവികസനത്തിനും ഗ്രൂമിംഗിനും വേണ്ടി കുടുംബശ്രീ, സർവകലാശാലകളും ഉന്നതവിദ്യാഭാസ സ്ഥാപനങ്ങളും, അസാപ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി (NIELIT), വനിതാ വികസന കോർപ്പറേഷൻ എന്നിവ ഉൾപ്പടെയുള്ള ഏജൻസികളെ DWMS പ്ലാറ്റ്ഫോമിലേക്ക് ബന്ധിപ്പിച്ചിട്ടുണ്ട്. ഉദ്യോർഗാർത്ഥികൾക്ക് തങ്ങളുടെ ഇംഗ്ലീഷ് പ്രാവീണ്യ നിലവാരം അറിയാനും, കഴിവുകൾ വേഗത്തിൽ വിലയിരുത്തുന്നതിന് വേണ്ടിയും കോമൺ യൂറോപ്യൻ ഫ്രെയിംവർക്ക് ഓഫ് റഫറൻസ് (സി.ഇ.എഫ്.ആർ) സ്കെയിൽ ആസ്പദമാക്കിയുള്ള ബ്രിട്ടീഷ് കൗൺസിൽ രൂപകൽപ്പന ചെയ്ത 'ഇംഗ്ലീഷ് സ്കോർ' പരീക്ഷ സംവിധാനവും DWMS-ൽ ലഭ്യമാക്കിയിട്ടുണ്ട്.
തൊഴിൽ അന്വേഷകരുടെയും തൊഴിൽദായകരുടെയും വിവരങ്ങൾ ഏകോപിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അനുയോജ്യമായ വിധത്തിൽ DWMS പ്ലാറ്റ്ഫോമിന്റെ ഒന്നാംഘട്ടം ഡിജിറ്റൽ സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. രണ്ടാംഘട്ടത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിനെ മൊബൈൽ ആപ്ലിക്കേഷനായി മാറ്റുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.
തൊഴിലന്വേഷകരെ കണ്ടെത്തുന്നതിനും DWMS-ൽ രജിസ്റ്റർ ചെയ്യുന്നതിന് അവരെ പിന്തുണയ്ക്കുന്നതിനുമുള്ള കമ്മ്യൂണിറ്റി കേന്ദ്രീകൃത പ്രചാരണമായ ‘എന്റെ തൊഴിൽ എന്റെ അഭിമാനം’ എന്ന പദ്ധതിക്കു ശേഷം, കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ തൊഴിൽക്ലബ് അംഗങ്ങളായിട്ടുള്ളവർക്കും പുതുതായി DWMS-ൽ രജിസ്റ്റർ ചെയ്യുന്നവർക്കും തദ്ദേശഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന പ്രത്യേക തൊഴിൽ പദ്ധതിയാണ് 'എന്റെ തൊഴിൽ എന്റെ അഭിമാനം 2.0'.

തൊഴിൽദാതാക്കളായ മോൺസ്റ്റർ (പുതിയ പേര് ഫൗണ്ട് ഇറ്റ്), സിഐഐ എന്നിവയേയും ഫ്രീലാൻസ്

| | | | |
|---|---|---|---|
| | | | പ്രൊജക്റ്റ് ജോലികൾ ലഭ്യമാക്കുന്ന ഫ്രീലാൻസർ, അവൈൻ തുടങ്ങിയ പ്ലാറ്റ്ഫോമുകളേയും ബന്ധിപ്പിച്ച് പ്ലാറ്റ്ഫോം ഓഫ് പ്ലാറ്റ്ഫോംസ് എന്ന സംവിധാനം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.<br>തൊഴിൽ സാഹചര്യങ്ങളിൽവന്ന മാറ്റത്തിനനുസരിച്ച് നമ്മുടെ തൊഴിൽസംസ്കാരത്തെ മാറ്റിയെടുക്ക◌ുന്നതിനായി വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്ന് പുറത്തുവരുന്ന വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്ന ക്യാമ്പയിനാണ് കണക്ട് കരിയർ ടു ക്യാംപസ് (CCC).<br>'കണക്ട് കരിയർ ടു ക്യാമ്പസ് – 2022' പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 914 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 1,49,000 ത്തിലധികം വിദ്യാർത്ഥികൾ DWMS-ൽ രജിസ്റ്റർ ചെയ്യുകയും വിവിധ തരത്തിലുള്ള പരിശീലനങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തു. കേരളത്തിലുള്ള എല്ലാ ഗവൺമെന്റ്, എയ്ഡഡ്, സെൽഫ് ഫിനാൻസിങ് കോളേജുകളെയും CCC-യുടെ ഭാഗമാക്കികൊണ്ട് കണക്ട് കരിയർ ടു ക്യാമ്പസ് – 2023 പദ്ധതിയുടെ ഉദ്ഘാടനം നടത്തിയിട്ടുണ്ട്.<br>പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന് നൈപുണ്യവികസന പരിശീലനം നൽകി വൈജ്ഞാനിക തൊഴിൽമേഖലയിലേക്കു എത്തിക്കുവാനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗ◌ം, ട്രാൻസ്ജൻഡർ, മത്സ്യബന്ധന സമൂഹ◌ം, ഭിന്നശേഷി വിഭാഗം എന്നിവർക്കായി അഞ്ച് ഡൈവേഴ്സിറ്റി ഇൻക്ലൂഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവും കരിയർ വിടവ് വന്ന സ്ത്രീകൾക്ക് പ്രത്യേകമായും ഒരു പിന്തുണാ സംവിധാനവും ലക്ഷ്യമാക്കി KKEM നടപ്പിലാക്കിയ പദ്ധതിയാണ് 'തൊഴിലരങ്ങത്തേക്ക്'. ഇതിന്റെ ആദ്യഘട്ടത്തിൽ 60 ദിവസങ്ങൾ കൊണ്ട് 1500 പേർക്ക് ഓഫർ ലെറ്റർ കൈമാറിയിരുന്നു. തൊഴിലരങ്ങത്തേക്ക് പദ്ധതിയുടെ രണ്ടാംഘട്ടപ്രവർത്തനങ്ങൾ നോളേജ് മിഷൻ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

2016 മുതൽ 2023 വരെയുള്ള കാലയളവിൽ കേരളത്തിലെ സർക്കാർ ഐ.ടി. പാർക്കുകളിൽ ഐ.ടി. ഐ.ടി. അനുബന്ധ വ്യവസായങ്ങൾ വഴി നടന്ന കയറ്റുമതിയുടെ വിവരം വാർഷികാടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു.

**<u>ടെക്നോപാർക്ക് തിരുവനന്തപുരം</u>**

| **വർഷം** | **ഐ.ടി. കയറ്റുമതി (കോടി രൂപയിൽ)** |
|---|---|
| 2016-17 | 5000 |
| 2017-18 | 6450 |
| 2018-19 | 7000 |
| 2019-20 | 7890 |
| 2020-21 | 8501 |
| 2021-22 | 9775 |
| 2022-23 | ------** |

** STPI- യുടെയും SEZ - ന്റെയും ഓഡിറ്റ് കഴിഞ്ഞ റിപ്പോർട്ട് ഡിസംബർ മാസത്തോടെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇൻഫോപാർക്ക് കൊച്ചി**

| **വർഷം** | **ഐ.ടി. കയറ്റുമതി (കോടി രൂപയിൽ)** |
|---|---|
| 2016-17 | 3000 |
| 2017-18 | 4013 |
| 2018-19 | 4500 |
| 2019-20 | 5200 |
| 2020-21 | 6310 |
| 2021-22 | 8500 |
| 2022-23 | 9186 |

**സൈബർപാർക്ക് കോഴിക്കോട്**

| വർഷം | ഐ.ടി. കയറ്റുമതി (കോടി രൂപയിൽ) |
|---|---|
| 2016-17 | 2.98 |
| 2017-18 | 3.01 |
| 2018-19 | 8.11 |
| 2019-20 | 14.76 |
| 2020-21 | 26.17 |
| 2021-22 | 55.70 |
| 2022-23 | 105.00 |